## പഠനഷീറ്റ് 7

# നിങ്ങൾ ദൈവത്തെ സ്വീകാര്യമായിട്ടാണോ ആരാധിക്കുന്നത്?

**I. ദൈവം ആഗ്രഹിക്കുന്നതാണോ നിങ്ങൾ ആരാധനയിൽ ഉപയോഗിക്കുന്നത്?**

1. ആരാധന ———————— സ്വീകാര്യമാകണം. 1 പത്രൊ. 2:5
2. നമസ്ക്കാരം ———————— ലും ———————— ലും ആകണം. യോഹന്നാൻ 4:24
3. സത്യം വന്നതു —————— —————— ആണ്. യോഹന്നാൻ 1:17
4. അപ്പൊസ്തലന്മാരെ ————— സത്യത്തിലും വഴിനടത്തി. യോഹന്നാൻ 16:13
5. അവർ ————— കല്പിച്ചതെല്ലാം ഉപദേശിക്കേണ്ടിയിരുന്നു. മത്താ. 28:18–20

**II. ദൈവം ത്യജിക്കുന്നതാണോ നിങ്ങൾ ഉപയോഗിക്കുന്നത്?**

1. മനുഷ്യരുടെ കല്പനകൾ അനുസരിച്ചു ആരാധിക്കുന്നതു ————————. മർക്കൊ. 7:7
2. മനുഷ്യരുടെ ———————— ദൈവകല്പനയെ ദുർബ്ബലമാക്കുന്നു. മർക്കൊ. 7:8
3. മനുഷ്യരുടെ സമ്പ്രദായങ്ങൾ ദൈവത്തിന്റെ വചനത്തെ ————— ആക്കുന്നു. മർക്കൊ. 7:13
4. മനുഷ്യരുടെ സമ്പ്രദായങ്ങൾ ————— കാരണം, അതു —————. കൊലൊ. 2:8
5. മനുഷ്യരുടെ കല്പനകൾ വന്നതു ——————. തിത്തൊ. 1:14

**III. നിങ്ങൾ ഉപയോഗിക്കുന്നതു ക്രിസ്തുവിൽ നിന്നു വന്നതോ അതോ മനുഷ്യരിൽ നിന്നു വന്നതോ?**


| ക്രിസ്തുവിൽ നിന്നും | | മനുഷ്യരിൽ നിന്നും |
|---|---|---|
| ________________ | ലൂക്കൊ. 18:1<br>1 തിമൊ. 2:5 | ________________ |
| ________________ | ലൂക്കൊ. 6:38<br>1 കൊരി. 16:2 | ________________ |
| ________________ | 1 കൊരി. 11:23–26<br>പ്രവൃത്തികൾ 20:7 | ________________ |

——————— എഫെ. 5:19 ———————

——————— 2 തിമൊ. 2:12 ———————

**IV. നിങ്ങൾ കൂട്ടു ചേർക്കുകയോ അല്ലെങ്കിൽ എടുത്തു കളയുകയോ ചെയ്തിട്ടുണ്ടോ?**

1. നാം ——————— അല്ലെങ്കിൽ ———— ——— പാടില്ല. വെളി. 22:18, 19
2. ——————— ഉപദേശത്തിൽ നിലനില്ക്കുന്നവർ അല്ല. അവർക്കു ——————— ഉം ——————— ഉം ഇല്ല. 2 യോഹന്നാൻ 9




പകർപ്പവകാശം 1992 – ഗോസ്പെൽ ലൈറ്റ് പബ്ളിഷിങ് കമ്പനി.,ഡിലൈറ്റ്, ഏആർ 71940.

**പഠനഷീറ്റ് അവതരണം:**

**7**

# "നിങ്ങൾ ദൈവത്തെ സ്വീകാര്യമായിട്ടാണോ ആരാധിക്കുന്നതു?"

"നിങ്ങൾ ദൈവത്തെ സ്വീകാര്യമായിട്ടാണോ ആരാധിക്കുന്നതു?" എന്ന ഈ പഠനഷീറ്റ്, "സഭാ" പഠനഷീറ്റിനു ശേഷമോ (പാഠം 5) അല്ലെങ്കിൽ "ഘടനാ" പഠനഷീറ്റിനു (പാഠം 6) ശേഷമോ ഉപയോഗിക്കാം. ഇതു അദ്ധ്യാപകൻ ആരംഭ പഠനത്തിനായി ഉപയോഗി*ക്കരുത്.*

**ഉദ്ദേശം**

തന്റെ സഭ ഉപയോഗിക്കേണ്ട ആരാധന എങ്ങനെയായിരിക്കണം എന്ന്, സഭയുടെ തലയായ യേശു പഠിപ്പിക്കുന്നതു ചർച്ച ചെയ്യുക എന്നതാണ് "ആരാധനാ" ഷീറ്റിന്റെ ഉദ്ദേശം.

**പാഠം ചുരുക്കത്തിൽ**

മനുഷ്യർ അനുസരിക്കുവാൻ ദൈവം ആവശ്യപ്പെടുന്ന സത്യം എല്ലാം യേശു പരിശുദ്ധാത്മാവിനാൽ പുതിയ നിയമ അപ്പൊസ്തലന്മാരും പ്രവാചകന്മാരും അറിയിച്ചിരിക്കുന്നതു, പുതിയ നിയമത്തിൽ രേഖപ്പെടുത്തിയതു കാണിച്ചു കൊടുക്കുന്നതാണ് ഈ പഠന ഷീറ്റ്. ഈ സത്യം അനുസരിച്ചായിരിക്കണം ദൈവത്തെ ആരാധിക്കേണ്ടത്. മനുഷ്യരുടെ കല്പനകളും സമ്പ്രദായങ്ങളും ത്യജിച്ചു, ദൈവത്തെ ആരാധിക്കുന്നതിൽ യേശുവിൽ കൂടെ വന്ന സത്യം മാത്രം അനുസരിക്കുകയും ചെയ്യുക.

**മുഖവുര**

[ഈ പാഠത്തിലേക്കു വിദ്യാർത്ഥിയെ ഒരുക്കുവാൻ അദ്ധ്യാപകൻ ആരാധന, ആരാധനയുടെ ഉദ്ദേശം, ആരാധനയിൽ ആരെയാണ് ഏറ്റവും ആദരിക്കേണ്ടതു എന്നെല്ലാം വിദ്യാർത്ഥിയെ പറഞ്ഞു മനസ്സിലാക്കണം.]

ആരാധനാ കേന്ദ്രം ദൈവം ആണ്. മനുഷ്യനല്ല ആരാധനാ കേന്ദ്രം. ആരാധനയിൽ, നമ്മുടെ പരിശ്രമം നമ്മുടെ സൃഷ്ടികർത്താവായ ദൈവത്തെ ആദരിക്കുക, പുകഴ്ത്തുക, ബഹുമാനിക്കുക, വാഴ്ത്തുക

എന്നതാണ്. ദൈവം നമ്മുടെ ജീവിതത്തിൽ ചെയ്തിട്ടുള്ള കാര്യങ്ങൾ നാം ദൈവവുമായുള്ള നമ്മുടെ നടപ്പിൽ പരിഗണിക്കുന്നതാണ് ആരാധന. ദൈവം നമുക്കു ചെയ്തിട്ടുള്ള കാര്യങ്ങൾ നോക്കുമ്പോൾ, നമ്മുടെ ഹൃദയങ്ങളിൽ നന്ദിയും പുകഴ്ച്ചയും നാം ചെലുത്തണം.

ആരാധനയിൽ നാം ചെയ്യുന്നതു അവനു കീഴ്പ്പെടുകയും ബഹുമാനിക്കുകയും ചെയ്യുന്നതാകണം. ദുർഭാഷണം നടത്തുന്ന സൈന്യത്തിലെ നേതാക്കന്മാർക്കു അതൊഴിവാക്കുവാൻ അവരെ പ്രോത്സാഹിപ്പിച്ചു ജോർജ് വാഷിങ്ടൺ ഒരു വഴികാട്ടി എഴുതിയതായി വിവരമുണ്ട്. സഹായിക്കുവാൻ ദൈവത്തോടു അപേക്ഷിക്കുന്ന നാവുകൾ ദൈവത്തെ അനാദരിക്കുവാനായി ഉപയോഗിക്കരുത് എന്നായിരുന്നു അദ്ദേഹം ഉദ്ദേശിച്ചത്. നിന്ദ്യമായ ഭാഷ ഉപയോഗിച്ച നാവു കൊണ്ടു അനുഗ്രഹിക്കണമെന്നു അവർക്ക് എങ്ങനെ പറയുവാൻ കഴിയുമെന്നാണ് അദ്ദേഹം ചോദിച്ചത്. അതുപോലെ നാം ദൈവത്തെ ആരാധിക്കുന്നതിൽ ദൈവത്താൽ ആവശ്യപ്പെടാത്തവ കൊണ്ടു അടക്കി ഭരിക്കുന്ന പ്രവണത പാടില്ല.

**I. ദൈവം എന്ത് ആഗ്രഹിക്കുന്നു**

1. ആരാധനയിൽ എന്തുപയോഗിക്കണം എന്നു ദൈവം തിരഞ്ഞെടുത്തിട്ടുണ്ടോ? ആരാധനയിൽ എന്തുപയോഗിക്കുവാനാണ് ദൈവം പ്രതീക്ഷിക്കുന്നത്? [1 പത്രൊ. 2:5 വായിക്കുക.] ആരാധന *ആർക്കാണ്* സ്വീകാര്യമാകേണ്ടത്? [വിട്ട വരിയിൽ “ദൈവത്തിനു” എന്നെഴുതുക.] ആരാധനയിൽ മനുഷ്യർക്കു എന്താണ് സ്വീകാര്യമായി ഉപയോഗിക്കാവുന്നതു എന്നല്ല, കാരണം മനുഷ്യനല്ല, ദൈവമാണ് ആരാധനാ കേന്ദ്രം. നാം ആരാധിക്കുമ്പോൾ പ്രസാദിക്കേണ്ടതു മനുഷ്യരല്ല, ദൈവമാണ്. മനുഷ്യരെ സംബന്ധിച്ചു നമുക്കു താല്പര്യമുള്ള പല ഏർപ്പാടുകളും ആരാധനയിൽ വരുത്താം, എന്നാൽ അതായിരിക്കരുത് നമ്മുടെ പരിഗണന. ആരാധനയിൽ നമ്മുടെ ലക്ഷ്യം ദൈവത്തെ പ്രസാദിപ്പിക്കുക എന്നതായിരിക്കണം.

2. ആരാധനയെ കുറിച്ചു യേശു എന്താണ് പറഞ്ഞത്? പഴയ നിയമം നീങ്ങിപോകുമ്പോൾ, യേശുവിന്റെ അനുയായികൾ എങ്ങനെ ആരാധിക്കണം? [യോഹന്നാൻ 4:23, 24 വായിക്കുക.] ക്രിസ്ത്യാനികൾ ആരാധനയിൽ ഉൾപ്പെടുത്തേണ്ട*തെന്തെല്ലാം*? [വിട്ട വരികളിൽ “ആത്മാവിലും” “സത്യത്തിലും” എന്നെഴുതുക.]

മനുഷ്യരുടെ ആന്തരികഭാഗം ആരാധനയിൽ ഉൾപ്പെട്ടിരിക്കണം എന്നതാകണം യേശു “ആത്മാവിനാലും” എന്നു പറയുവാൻ കാരണം. ആത്മീയത ഇല്ലാതെ വെറും ഒരു രൂപമായിരുന്നാൽ പോരാ. ഒരാൾക്ക് തന്റെ ജോലി, വിനോദം, മുതലായവ., തന്റെ ഹൃദയത്തിൽ വച്ചുകൊണ്ട്, “എന്റെ യേശുവേ, ഞാൻ നിന്നെ സ്നേഹിക്കുന്നു,” എന്നു പാടാൻ കഴിയും. അങ്ങനെയായാൽ അയാൾ “എന്റെ യേശുവേ, ഞാൻ നിന്നെ സ്നേഹിക്കുന്നു,” എന്നത് ഹൃദയത്തിൽ നിന്നു വരുന്ന ആരാധന അല്ല. അവന്റെ ആരാധന ആത്മാവിൽ ഉള്ളതല്ല.

ആരാധന *ആത്മാവിൽ* മാത്രമല്ല, അതു *സത്യ*ത്തിലും ആകണം.

"ആത്മാവു" സത്തയും "സത്യം" രൂപവുമാണ്. ചിലർ കുടിക്കുവാൻ ആവശ്യപ്പെട്ടാൽ, പാത്രത്തിൽ നല്കുമെന്നതു അന്തർലീനമാണ്. ഒരാൾ വെള്ളം ചോദിച്ച ആളിനു നേരെ ചെടി നനയ്ക്കുന്ന ഹോസ് എടുത്തു വെള്ളം ചീറ്റി പറയുന്നു, "ഇതാ നിങ്ങൾക്കു കുടിക്കുവാനുള്ള വെള്ളം!" *വസ്തുവിന്റെ* സാന്നിധ്യമുണ്ട്, പക്ഷെ അതിന്റെ *രൂപം* തെറ്റായതാണ്. അതുപോലെ ഒരാൾക്കു ആരാധനയിൽ ദൈവത്തോട് അടുക്കാം, പക്ഷെ ദൈവത്തിനു പ്രസാദകരമായ രൂപം ഉപയോഗിച്ചില്ലെങ്കിൽ പരാജയപ്പെടും.

3. ദൈവം സത്യം വെളിപ്പെടുത്തിയിട്ടുണ്ടോ? അവൻ സത്യം വെളിപ്പെടുത്തിയിട്ടുണ്ടെങ്കിൽ, അതെവിടെയാണ് ഉള്ളത്? [യോഹന്നാൻ 1:17 വായിക്കുക.] ദൈവം *ആർ* മുഖേനയാണ് സത്യം വെളിപ്പെടുത്തിയത്? [വിട്ടവരികളിൽ "യേശുക്രിസ്തു" എന്നെഴുതുക.] സത്യം യേശുവിൽ മാത്രമാണുള്ളത് (എഫെ. 4:21). സത്യം ന്യായപ്രമാണത്തിൽ ഇല്ലായിരുന്നു, അതായതു., മോശ കൊണ്ടുവന്നത്. ന്യായപ്രമാണം ഒരു നിഴൽ മാത്രമായിരുന്നു (എബ്രാ. 10:1). ഇപ്പോൾ യാഥാർത്ഥ്യം വന്നു, അതുകൊണ്ടു നാം ഇനി നിഴലായ, ന്യായപ്രമാണത്തിൻ കീഴിലല്ല (ഗലാ. 3:24, 25; എഫെ. 2:14, 15; എബ്രാ. 7:18, 19). പഴയ നിയമത്തിൻ കീഴിലുള്ളവർ ആരാധനയിൽ ഉപയോഗിച്ചിട്ടുള്ളത് ക്രിസ്ത്യാനികൾ ക്രിസ്തു മുഖാന്തരം വന്ന സത്യത്തിൽ ഇല്ലെങ്കിൽ ഉപയോഗിക്കരുത്.

4. എത്രത്തോളം സത്യം യേശു വെളിപ്പെടുത്തി? [യോഹന്നാൻ 16:13 വായിക്കുക.] അപ്പൊസ്തലന്മാർക്കു പരിശുദ്ധാത്മാവിനാൽ *എത്രത്തോളം* സത്യം ലഭിച്ചു? [വിട്ടവരികളിൽ "സകലവും" എന്നെഴുതുക.] യേശു മനുഷ്യർക്കു വെളിപ്പെടുത്തുവാൻ ആഗ്രഹിച്ച സകല സത്യവും അപ്പൊസ്തലന്മാർക്കു നല്കിയിരുന്നു. ആരെങ്കിലും പരിശീലിക്കുന്നതു അപ്പൊസ്തലന്മാർ പഠിപ്പിക്കാത്തതാണെങ്കിൽ, അത് യേശു ക്രിസ്തു മുഖാന്തരം വന്ന സത്യത്തിന്റെ ഭാഗം അല്ല.

[*പുറകിൽ* മുകളിലായി "യേശു," എന്നും പിന്നെ, "പരിശുദ്ധാത്മാവു," എന്നും പിന്നെ "അപ്പൊസ്തലന്മാരും പ്രവാചകന്മാരും" എന്നെഴുതുക. അടിയിൽ ഒരു വൃത്തം വരച്ചു, അതിൽ "സകലസത്യവും" എന്നെഴുതുക. നോക്കുക പേജ് 200.] സഭയുടെ തലയായ യേശു, പുതിയ നിയമ അപ്പൊസ്തലന്മാർക്കും പ്രവാചകന്മാർക്കും സകല സത്യവും വെളിപ്പെടുത്തി കൊടുത്തു. ഒരു പരിശീലനം ഉപയോഗിക്കണം എന്നു അവർ പഠിപ്പിച്ചുവെങ്കിൽ, അതു യേശുവിൽ നിന്നാണ് യേശുവിനാൽ കെട്ടപ്പെട്ടതുമാണ് (മത്താ. 18:18).

5. താൻ സ്വർഗ്ഗത്തിലേക്കു പോകുന്നതിനു തൊട്ടുമുൻപു യേശു തന്റെ അപ്പൊസ്തലന്മാർക്കു നിർദ്ദേശങ്ങൾ നൽകി. അവൻ അവരോടു ലോകമെങ്ങും പോയി സകല ജാതികളോടും ആളുകളോടും താൻ പഠിപ്പിച്ചതു ആചരിക്കുവാൻ, സ്നാനപ്പെടുത്തി ഉപദേശിപ്പാൻ പറഞ്ഞു. ആർ കല്പിച്ച ഉപദേശങ്ങൾ പ്രമാണിക്കുവാനായിരുന്നു അവർ പുതിയ ക്രിസ്ത്യാനികളെ ഉപദേശിക്കേണ്ടിയിരുന്നത്? [മത്താ. 28:20 വായിക്കുക.] *ആരുടെ* കല്പനകൾ ആയിരുന്നു അവർ ഉപദേശിക്കേണ്ടിയിരുന്നത്? [വിട്ടവരികളിൽ "യേശുവിന്റെ" എന്നെഴുതുക.]

യേശുവിന്റെ ഈ നിർദ്ദേശങ്ങളിൽ ഉൾപ്പെടുന്നവയും ഉൾപ്പെടാത്ത വയുമുണ്ടായിരുന്നു. യേശു പഠിപ്പിച്ചതിനേക്കാൾ *കുറവു* പഠിപ്പിച്ചാൽ പോരാ, യേശു പഠിപ്പിച്ചതു പ്രമാണിക്കുവാൻ പറഞ്ഞുകൊണ്ടു അവൻ ഉപദേശിച്ചതിൽ *കൂടുതൽ* ആയി ഉപദേശിപ്പാനും പാടില്ല. അതു, അവരെ യേശു പഠിപ്പിച്ചതിനപ്പുറമായി മറ്റാരെങ്കിലും പഠിപ്പിച്ചത് അനുസരിപ്പാൻ പറയുകയാവും. അവർ യേശുവിനെ ആണ് അനുസരിച്ചതെങ്കിൽ, അവർ അനുയായികളെ, യേശു പഠിപ്പിച്ചതിൽ ഒട്ടും കുറയാതെ, ഒട്ടും കൂട്ടാതെ അവരെ പ്രമാണിപ്പാൻ ഉപദേശിക്കും.

ഈ ഭാഗത്തു നാം എന്തു പഠിച്ചു? ദൈവത്തിനു സ്വീകാര്യമായ ആരാധന ആത്മാവിലും സത്യത്തിലും ആണ് എന്നു നാം പഠിച്ചു. അപ്പൊ സ്തലന്മാരും പ്രവാചകന്മാരും മുഖേന യേശു സകല സത്യവും നല്കി. അപ്പൊസ്തലന്മാരും പ്രവാചകന്മാരും പഠിപ്പിച്ച സത്യമാണ് യേശുവിന്റെ അനുയായികൾ ആരാധനയിൽ ഉപയോഗിക്കേണ്ടത്.

## II. ദൈവം തൃജിക്കുന്നത് എന്ത്

മനുഷ്യൻ ആരാധനയിൽ ഉൾപ്പെടുത്തുന്നതെന്തും ദൈവം സ്വീകരി ക്കുമോ? ആരാധനയിൽ ഇഷ്ടമുള്ളതെന്തും ഉപയോഗിപ്പാൻ മനുഷ്യനു അവകാശമുണ്ടോ?

1. ദൈവം കല്പിച്ചിട്ടില്ലാത്തതും മനുഷ്യൻ കല്പിച്ചിട്ടുള്ളതുമായ കാര്യങ്ങളോ? ദൈവ കല്പനകൾ അടിസ്ഥാനമാക്കാതെ മനുഷ്യരുടെ കല്പനകൾ ആസ്പദമാക്കിയുള്ള ആരാധന ദൈവം സ്വീകരിക്കുമോ? [മർക്കൊ. 7:7 വായിക്കുക.] മാനുഷ കല്പനകൾ അനുസരിച്ചുള്ള ആരാ ധന *വിലയുള്ളതായി* ദൈവം കാണുമോ? [വിട്ട വരിയിൽ "വൃഥാവാ യിരിക്കും" എന്നെഴുതുക.] "വൃഥാ" വെന്നാൽ അർത്ഥം എന്താണ്? "വൃഥാവി" നർത്ഥം നിഷ്പ്രയോജനം, വിലയില്ലാത്തത്, ഫലമില്ലാത്ത തു, പ്രയോജനരഹിതം. മനുഷ്യ കല്പനകൾ അനുസരിച്ചുള്ള കാര്യ ങ്ങൾ ആരാധിക്കുന്നതു ദൈവം സ്വീകരിക്കാത്തതും വിലയില്ലാത്തതു മാണ്.

2. ആരാധനയ്ക്കു സാധ്യമായതു രണ്ടു ഉറവിടങ്ങൾ മാത്രം. മനു ഷ്യൻ ആരാധനയ്ക്കു ഉപയോഗിക്കുന്ന കാര്യങ്ങൾ ഒന്നുകിൽ ദൈവ ത്തിൽ നിന്നു വരണം അല്ലെങ്കിൽ മനുഷ്യനിൽ നിന്നു വരണം. ദൈവ കല്പനകളെ മാറ്റി നിർത്തിയാൽ, പിന്നെ അയാൾ ആരുടെ കല്പന കൾ ആയിരിക്കും പിൻപറ്റുക? [മർക്കൊ. 7:8 വായിക്കുക.] ദൈവത്തെ പിൻപറ്റാത്തവർ *ആരുടെ* സമ്പ്രദായങ്ങളെയാണ് പിൻപറ്റുക? [വിട്ട വരി യിൽ "മനുഷ്യരുടെ" എന്നെഴുതുക.]

മനുഷ്യരുടെ സമ്പ്രദായങ്ങളെ അനുസരിക്കണം എന്നായിരുന്നില്ല യെഹൂദജനത്തോടു യേശു കല്പിച്ചത്. പകരം മനുഷ്യരുടെ പാരമ്പര്യ ങ്ങളെ പ്രമാണിക്കുന്നതിൽ അവൻ അവരെ കുറ്റപ്പെടുത്തുകയായിരു ന്നു. മനുഷ്യരുടെ പാരമ്പര്യങ്ങളല്ല, തന്റെ ഇഷ്ടം ചെയ്യുവാനാണ് ആളു കളിൽ നിന്നു ദൈവം പ്രതീക്ഷിക്കുന്നത്.

3. മനുഷ്യരുടെ സമ്പ്രദായങ്ങളെ അനുസരിക്കുന്നവർ ദൈവവച നത്തെ എന്തു ചെയ്യുന്നു? [മർക്കൊ. 7:13 വായിക്കുക.] മനുഷ്യരുടെ

സമ്പ്രദായങ്ങൾ ദൈവവചനത്തെ *എന്തു*ചെയ്യുന്നു? [വിട്ട വരിയിൽ "ഒന്നുമല്ലാതാക്കുന്നു" എന്നെഴുതുക.] മനുഷ്യരുടെ സമ്പ്രദായങ്ങളാൽ അവർ ദൈവത്തിന്റെ വചനത്തെ ദുർബ്ബലമാക്കുന്നു.

ഒരു സുരക്ഷാപ്രവർത്തകനു, കടലിൽ ബോട്ടു മറിഞ്ഞു മുങ്ങിക്കൊണ്ടിരിക്കുന്ന മനുഷ്യനെ രക്ഷപ്പെടുത്തുവാൻ കഴിയും. എങ്ങനെയായാലും, സുരക്ഷാ പ്രവർത്തകൻ മുങ്ങിക്കൊണ്ടിരിക്കുന്ന ആളുടെ അടുത്ത് എത്താതവണ്ണം കല്ലെറിഞ്ഞുകൊണ്ടിരുന്നാൽ, ആ രക്ഷാപ്രവർത്തകന്റെ പരിശ്രമം വൃഥാവായിത്തീരും. അതാണ് യേശുക്രിസ്തു മുഖാന്തരം വെളിപ്പെടുത്തിയ സത്യം ഒരാൾ അനുസരിക്കാതിരിപ്പാൻ മനുഷ്യരുടെ സമ്പ്രദായങ്ങൾ അതിനെ തടസ്സപ്പെടുത്തുന്നതിലൂടെ ചെയ്യുന്നത്.

4. നമ്മളോടു മനുഷ്യരുടെ സമ്പ്രദായങ്ങൾക്കു മറ്റെന്തു ചെയ്യുവാൻ കഴിയും? [കൊലൊ. 2:8 വായിക്കുക.] അവയ്ക്കു *എന്തു*ചെയ്യുവാൻ കഴിയും? [വിട്ട വരിയിൽ "നശിപ്പിക്കുവാൻ" എന്നെഴുതുക.] അവർ *ആരിൽ* നിന്ന് *അല്ലാത്തതു*കൊണ്ടാണ് അവർ ഇങ്ങനെ ചെയ്യുന്നത്? [വിട്ട വരിയിൽ "ക്രിസ്തുവിൽ നിന്ന്" എന്നെഴുതുക.] നാം ചെയ്യുന്നതു ഒന്നുകിൽ മനുഷ്യരുടെ ഉപദേശങ്ങൾ അനുസരിച്ചായിരിക്കും, അല്ലെങ്കിൽ ക്രിസ്തുവിന്റെ ഉപദേശം അനുസരിച്ചായിരിക്കും. ദൈവം അംഗീകരിക്കുന്നത് നാം മനുഷ്യരുടെ ഉപദേശങ്ങൾ അനുസരിക്കുമ്പോഴാണോ അതോ ക്രിസ്തുവിന്റെ ഉപദേശം അനുസരിക്കുമ്പോഴാണോ? നാം ചെയ്യുന്നതു മനുഷ്യരുടെ ഉപദേശപ്രകാരമാണെങ്കിൽ, ദൈവം അതു ത്യജിക്കും. എന്നാൽ അതു ക്രിസ്തുവിന്റെ ഉപദേശപ്രകാരം ആണെങ്കിൽ അതു ദൈവം സ്വീകരിക്കും.

[*പുറകിൽ* വൃത്തത്തിനു പുറത്തു "മനുഷ്യരുടെ സമ്പ്രദായങ്ങൾ" എന്നെഴുതുക. നോക്കുക പേജ് 200.] യേശു ക്രിസ്തു പഠിപ്പിച്ച സത്യമനുസരിച്ചല്ല മനുഷ്യരുടെ സമ്പ്രദായങ്ങൾ. ദൈവത്തിനു സ്വീകാര്യമായ കാര്യങ്ങളിൽ അവ വരുന്നില്ല.

5. മനുഷ്യരുടെ കല്പനകളെ പഠിപ്പിക്കുന്നവർ ആരാണ്? [തിത്തൊ. 1:14 വായിക്കുക.] മനുഷ്യരുടെ കല്പനകൾ ഉപദേശിക്കുന്നവർ *എന്തിൽ നിന്നു* തിരിഞ്ഞവരാണ്? [വിട്ടവരിയിൽ "സത്യത്തിൽ നിന്നു" എന്നെഴുതുക.] സത്യം ക്രിസ്തുയേശുവിലാണ്. സത്യത്തിൽ നിന്നകന്നു പോയവരാണ്, മനുഷ്യരുടെ കല്പനകളെ ഉപദേശിക്കുന്നത്, അക്കാരണത്താൽ അവർ യേശുവിൽ നിന്നകന്നു പോയവരാണ്.

ഈ ഭാഗത്തു നാം എന്തു പഠിച്ചു? മനുഷ്യരിൽ നിന്നുളവായ ആരാധന ദൈവം തള്ളിക്കളയുന്നു എന്നു നാം പഠിച്ചു. മനുഷ്യരുടെ സമ്പ്രദായങ്ങൾ മാത്രം അനുസരിച്ചുള്ള ആരാധന ദൈവ സന്നിധിയിൽ നിഷ്ഫലമാണ്. നമുക്കു സ്വീകരിക്കുവാൻ രണ്ടു തിരഞ്ഞെടുപ്പു മാത്രമാണുള്ളത്, ഒന്നുകിൽ യേശുവിൽകൂടെ വന്നതായ സത്യം സ്വീകരിക്കുക അല്ലെങ്കിൽ മനുഷ്യരിൽ നിന്നു വന്നവ സ്വീകരിക്കുക. യേശുവിൽകൂടെ വന്നതായ സത്യം ദൈവം സ്വീകരിക്കുകയും മനുഷ്യരിൽ നിന്നുവന്നവയെ തള്ളിക്കളയുകയും ചെയ്യും.

## III. ക്രിസ്തുവിൽ നിന്നോ അല്ലെങ്കിൽ മനുഷ്യരിൽ നിന്നോ?

ഒരു പരിശീലനം ദൈവം സ്വീകരിക്കുമോ എന്നറിയുവാൻ, അതിന്റെ ഉത്ഭവം അറിയണം. അത് യേശുക്രിസ്തുവിന്റേയും, അപ്പൊസ്തലന്മാരുടെയും, പ്രവാചകന്മാരുടേയും ഉപദേശങ്ങളിൽ കാണുന്നു എങ്കിൽ, അതായതു., പുതിയ നിയമത്തിൽ, അതു ദൈവം സ്വീകരിക്കും എന്നു നമുക്ക് അറിയാം; അവിടെ അതു കാണുന്നില്ലെങ്കിൽ, അതു മനുഷ്യരിൽ നിന്നുത്ഭവിച്ചതും തള്ളിക്കളയേണ്ടതും ആണെന്നു നമുക്കറിയാം.

ലൂക്കൊ. 18:1 ലും 1 തിമൊ. 2:5 ലും *എന്തു* ചെയ്യുവാൻ നമ്മോടു പറഞ്ഞിരിക്കുന്നു? ["ക്രിസ്തുവിൽനിന്നു" എന്നതിനടിയിലുള്ള ആദ്യത്തെ വിട്ടവരിയിൽ "പ്രാർത്ഥിക്കുക" എന്നു പൂരിപ്പിക്കുക.] നാം ദൈവത്തോടു പ്രാർത്ഥിച്ചാൽ, അതു സ്വീകാര്യമാണോ? നമ്മുടെ മദ്ധ്യസ്ഥനായ യേശു മുഖാന്തരം നാം പ്രാർത്ഥിച്ചാൽ, അതു സ്വീകാര്യമോ? ഇതു ദൈവത്തിനു സ്വീകാര്യമെന്നു നമുക്കെങ്ങനെ അറിയാം? അതു പുതിയ നിയമത്തിൽ പറഞ്ഞിട്ടുള്ളതുകൊണ്ടു അതു സ്വീകാര്യമെന്നു നമുക്കറിയാം. പഴയ നിയമത്തിൽ അവർ യേശു മുഖാന്തരം പ്രാർത്ഥിച്ചിരുന്നില്ല. അവർ പഴയ നിയമത്തിൽ ചെയ്തതു നാം ഇന്നു ചെയ്യണോ?

പ്രാർത്ഥനയുമായുള്ള ബന്ധത്തിൽ മനുഷ്യരുടെ ചില സമ്പ്രദായങ്ങൾ *എന്തെല്ലാമാണ്*? ചിലർ മറിയയിൽക്കൂടെ പ്രാർത്ഥിക്കയില്ലേ? ചിലർ ധൂപവർഗ്ഗം ഉപയോഗിക്കില്ലേ? ചിലർ വിശുദ്ധന്മാരോടു പ്രാർത്ഥിക്കുകില്ലേ? ചിലർ കൊന്ത (റോസറി) പ്രാർത്ഥനയിൽ ഉപയോഗിക്കുകയില്ലേ? [വിട്ട വരിയിൽ "മനുഷ്യരിൽ നിന്നു" എന്നതിനു താഴെ ഇവയെല്ലാം മനുഷ്യരിൽ നിന്നു എന്നെഴുതുക.] ഈ പരിശീലനങ്ങൾ ദൈവം സ്വീകരിക്കുമോ? ഈ പരിശീലനങ്ങൾ ദൈവത്തിൽ നിന്നോ മനുഷ്യരിൽ നിന്നോ? പഴയ നിയമത്തിൽ അവർ ധൂപം ഉപയോഗിച്ചിരുന്നോ? അവർ ചെയ്തതുപോലെ നാം പ്രാർത്ഥിക്കുമ്പോൾ ധൂപം ഉപയോഗിക്കണോ?

ഇവ നാം പരിശീലിക്കുകയാണെങ്കിൽ, അവ എവിടെ പഠിപ്പിച്ചിരിക്കുന്നു എന്നു നോക്കേണ്ടേ? അവ പുതിയ നിയമത്തിൽ പഠിപ്പിച്ചിരിക്കുന്നതായി കാണാം. അവ പുതിയ നിയമത്തിൽ കാണുന്നില്ലെങ്കിൽ, അവ മനുഷ്യരുടെ സമ്പ്രദായങ്ങളാണ്, വിലയില്ലാത്തതാണ്, ഉപേക്ഷിക്കേണ്ടതാണ്.

മറ്റെന്തെല്ലാം നാം ആരാധനയിൽ ഉപയോഗിക്കണം? [ലൂക്കൊ. 6:38; 1 കൊരി. 16:2 വായിക്കുക.] യേശു *എന്തു* ചെയ്യുവാനാണ് നമ്മോടു കല്പിച്ചിരിക്കുന്നത്? [വിട്ട വരിയിൽ "ക്രിസ്തുവിൽ നിന്നു" എന്നതിനു താഴെ "നൽകുന്നു" എന്ന് എഴുതുക.] അതു യേശുവിൽ നിന്നാണോ അതോ മനുഷ്യരിൽ നിന്നാണോ? യേശുവിൽ നിന്നാണെങ്കിൽ, അതു സ്വീകാര്യമാണ്, മനുഷ്യരിൽ നിന്നാണെങ്കിൽ, അതു ഉപേക്ഷിക്കണം. നല്കൽ ദൈവത്തിനു സ്വീകാര്യമാണെന്നു നമുക്കറിയാം കാരണം *നല്കൽ* യേശുവിൽ നിന്നും അപ്പൊസ്തലന്മാരിൽ നിന്നും ഉള്ളതാണ്.

സഭകളെ സഹായിക്കുന്നതു പണം ലഭ്യമാകുവാൻ മനുഷ്യരോടു *എന്തു* ചെയ്യുവാൻ പറഞ്ഞിരിക്കുന്നു? [വിട്ട വരിയിൽ "മനുഷ്യരിൽ നിന്നു" എന്നതിനടിയിൽ "സാധനങ്ങൾ ലേലം ചെയ്യൽ, ഭാഗ്യക്കുറി, സാധനങ്ങൾ വില്ക്കുക, ദശാംശം, മുതലായവ" എന്നെഴുതുക.] ഇവ

എല്ലാം ക്രിസ്തുവിൽ നിന്നോ അതോ മനുഷ്യരിൽ നിന്നോ? അവ ക്രിസ്തുവിൽ നിന്നാണെങ്കിൽ, അവന്റെ ഉപദേശത്തിൽ കാണും, എന്നാൽ, ഇല്ലെങ്കിലോ, അവ മനുഷ്യരിൽ നിന്നാണ്, അതുകൊണ്ടു ത്യജിക്കണം. ഈ പരിശീലനങ്ങൾ ഒന്നും നാം യേശുവിന്റേയോ അപ്പൊസ്തലന്മാരുടേയോ പരിശീലനങ്ങളിൽ കാണുന്നില്ല. ദശാംശം പഴയ നിയമത്തിൽ കല്പിച്ചിട്ടുണ്ടോ? യേശുവും അപ്പൊസ്തലന്മാരും ദശാംശം ഉപയോഗിച്ചിട്ടുണ്ടോ? ഇന്നു നമുക്കു ദശാംശം ഉണ്ടെങ്കിൽ, അതു യേശു കല്പിക്കണം. അതു യേശുവിന്റെ കല്പനയാണെങ്കിൽ, അവന്റെ ഉപദേശത്തിൽ അതു കാണും, അല്ലെങ്കിൽ അപ്പൊസ്തലന്മാരുടെ ഉപദേശത്തിൽ കാണണം. അതു യേശുവിന്റെ ഉപദേശത്തിൽ കാണാത്തതുകൊണ്ടു, മനുഷ്യരുടെ ഉപദേശമാണ്, അതുകൊണ്ടു അതിനെ നാം തള്ളിക്കളയണം.

ക്രിസ്തുവിന്റെ സഭ മറ്റെന്തു പരിശീലനമാണ് നടത്തേണ്ടത്? [1 കൊരി. 11:23–26; പ്രവൃത്തികൾ 20:7 വായിക്കുക.] *എന്തു* ഭക്ഷിക്കുവാനാണ് യേശു ശിഷ്യന്മാരോടു കല്പിച്ചത്? [വിട്ട വരിയിൽ “ക്രിസ്തുവിൽ നിന്നും” എന്നതിനടിയിൽ “കർത്താവിന്റെ അത്താഴം” എന്നെഴുതുക.] കർത്താവിന്റെ അത്താഴം മനുഷ്യരിൽ നിന്നോ അതോ ക്രിസ്തുവിൽ നിന്നോ? അതു ക്രിസ്തുവിൽ നിന്നാണെങ്കിൽ നാം സ്വീകരിക്കണം, അല്ലെങ്കിൽ നാം അതു തള്ളിക്കളയണം. യേശു വരുന്നതുവരെ നാം അപ്പത്തിൽ നിന്നു ഭക്ഷിക്കയും പാനപാത്രത്തിൽ നിന്നു കുടിക്കുകയും ചെയ്യണം കാരണം ഈ രീതിയിൽ അവനെ ഓർമ്മിക്കുവാൻ പറഞ്ഞതു യേശുവാണ്.

ക്രിസ്ത്യാനികൾ കൂടി വന്നതു ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിൽ ആയിരുന്നു (പ്രവൃത്തികൾ 20:7), ശനിയാഴ്ച്ചയായ, ശബ്ബത്തു നാളിൽ ആയിരുന്നില്ല (മത്താ. 28:1; മർക്കൊ. 16:1; ലൂക്കൊ. 22:1; യോഹന്നാൻ 20:1). ക്രിസ്ത്യാനികളെ വഴികാട്ടിയിരുന്നതു അപ്പൊസ്തലന്മാരായിരുന്നു, അതുകൊണ്ടു ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിലെ കർത്തൃമേശ ആചരിക്കൽ യേശുവിൽ നിന്നു തന്നെ. ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിൽ നാം കർത്തൃമേശ ആചരിച്ചു കർത്താവിനെ ഓർക്കുമ്പോൾ, നാം ചെയ്യുന്ന പരിശീലനം മനുഷ്യരിൽ നിന്നുള്ളതല്ല, യേശുവിൽ നിന്നുള്ളതാണ്.

കർത്തൃമേശയെ മനുഷ്യർ എന്താണ് ചെയ്തിരിക്കുന്നത്? ചിലർ ആളുകളിൽ നിന്നു മുന്തിരിവള്ളിയുടെ അനുഭവത്തെ തടഞ്ഞുവെച്ചിരിക്കുന്നു. വേറെ ചിലർ മുന്തിരിവള്ളിയുടെ അനുഭവത്തിനു പകരം വെള്ളം ആക്കിയിരിക്കുന്നു. ചിലർ കർത്തൃമേശ വർഷത്തിൽ ഒരിക്കലോ, മൂന്നു മാസം കൂടുമ്പോഴോ, മാസത്തിലൊരിക്കലോ, അതുമല്ലെങ്കിൽ അവർക്കു സൗകര്യമുള്ള ഏതെങ്കിലും ദിവസമോ ആചരിക്കും. [“മനുഷ്യരിൽ നിന്നു” എന്നതിനടിയിലുള്ള വിട്ട വരിയിൽ “വെള്ളം, ഒരുതരം, വാർഷികം” എന്നു പൂരിപ്പിക്കുക.] ഈ പരിശീലനങ്ങൾ ക്രിസ്തുവിൽ നിന്നോ മനുഷ്യരിൽ നിന്നോ? ക്രിസ്തുവിൽ നിന്നാണെങ്കിൽ, അതു യേശുവിന്റെയും അപ്പൊസ്തലന്മാരുടെയും ഉപദേശത്തിൽ കാണണം. അതു അവിടെ കാണുന്നില്ലെങ്കിൽ, അതു മനുഷ്യരിൽ നിന്നാണ്, അതുകൊണ്ടു തള്ളിക്കളയണം. അവ യേശുക്രിസ്തുവിന്റെ ഉപദേശത്തിൽ ഇല്ലാത്ത

തുകൊണ്ടു, മനുഷ്യരുടെ ഉപദേശമാണ്, ആകയാൽ അവ തള്ളിക്കളയണം.

പഴയ നിയമത്തിൻകീഴിൽ ജീവിച്ചിരുന്നവർ അവരെ ദൈവം മിസ്രയിം അടിമത്വത്തിൽ നിന്നു വിടുവിച്ചതു ശബ്ബത്തുനാളിൽ ഓർക്കുമായിരുന്നു (അതായതു., ശനിയാഴ്ച്ചയിൽ). ക്രിസ്ത്യാനികൾ ആ വിധത്തിൽ ശബ്ബത്ത് ആചരിക്കേണ്ടതുണ്ടോ? ആ പരിശീലനം യേശുവിന്റെ ഉപദേശത്തിലില്ല, അതുകൊണ്ടു പരിശീലിക്കേണ്ട ആവശ്യമില്ല.

മറ്റെന്തെല്ലാമാണ് ആരംഭ സഭ ആരാധനയിൽ ചെയ്തത്? [എഫെ. 5:19 വായിക്കുക.] അവർ *എന്തു* ചെയ്തു? [വിട്ട വരിയിൽ "ക്രിസ്തുവിൽനിന്നും" എന്നതിനുതാഴെ "പാട്ട് പാടി" എന്നെഴുതുക.] ക്രിസ്ത്യാനികളോടു പാട്ടുപാടുവാൻ പറഞ്ഞിരിക്കുന്നു.

ദൈവത്തെ ആരാധിക്കുമ്പോൾ, പാട്ടു പാടുന്നതിനൊപ്പം ആളുകൾ എന്തുകൂടെ ഉൾപ്പെടുത്തിയിരുന്നു? [വിട്ട വരിയിൽ "മനുഷ്യരിൽ നിന്നും" എന്നതിനുതാഴെ "പിയാനോ, ഓർഗൻ, ഗിത്താർ തുടങ്ങിയവ എന്നെഴുതുക."] അവ ആരാധനയിൽ ഉപയോഗിക്കണമെങ്കിൽ, അവ യേശുവിന്റെയും അപ്പൊസ്തലന്മാരുടെയും ഉപദേശത്തിൽ കാണണം. അവ യേശുവിന്റെ ഉപദേശത്തിൽ കാണുന്നില്ല, അതുകൊണ്ടു അവ മനുഷ്യരിൽ നിന്നു വന്നതാണ്, അക്കാരണത്താൽ അവയെ തള്ളിക്കളയണം.

പഴയനിയമാരാധനയിൽ ഉപകരണ സംഗീതം ഉപയോഗിച്ചിരുന്നോ? അവ ദൈവാലയാരാധനയുടെ ഭാഗമായിരുന്നു. പഴയ നിയമാരാധനയിൽ ഉണ്ടായിരുന്നതു ക്രിസ്ത്യാനികൾ ആരാധനയിൽ ഉപയോഗിക്കണോ? യേശു കല്പിച്ചതാണ് ക്രിസ്ത്യാനികൾ ഉപയോഗിക്കേണ്ടത്. അതുകൊണ്ടു ദൈവത്തെ ആരാധിക്കുമ്പോൾ ഉപകരണങ്ങൾ ഉപയോഗിക്കുന്നതിനു മുൻപു, അവ യേശുവിന്റെ ഉപദേശത്തിൽ നിർദ്ദേശിച്ചിരിക്കുന്നതു കാണണം. അവ യേശുവിന്റെയും അപ്പൊസ്തലന്മാരുടെയും ഉപദേശത്തിൽ *ഇല്ലാത്ത*തുകൊണ്ട് അവ മനുഷ്യരുടേതാണ്, ആകയാൽ അവ തള്ളിക്കളയണം. പുതിയ നിയമത്തിൽ പഠിപ്പിച്ചു പരിശീലിപ്പിച്ച ഏക സംഗീത രീതി പാട്ടുപാടുന്നതായിരുന്നു, അതുകൊണ്ടു ആരാധനയിൽ നാം ആ രീതിയിലുള്ള പാട്ടു മാത്രമേ ഉപയോഗിക്കാവൂ.

പുതിയ നിയമത്തിൽ പറഞ്ഞിരിക്കുന്ന മറ്റു പരിശീലനം എന്താണ്? അവരോടു എന്തു ചെയ്യുവാനാണ് പറഞ്ഞത്? [2 തിമൊ. 2:2 വായിക്കുക.] അവർ *എന്തു* ചെയ്യേണ്ടിയിരുന്നു? [വിട്ട വരിയിൽ "ക്രിസ്തുവിൽ നിന്നും" എന്നതിനടിയിൽ "പ്രബോധിപ്പിക്കുക" എന്ന് എഴുതുക.] ദൈവം ആളുകളോടു നിർദ്ദേശിക്കയും അവരെ ആകർഷിക്കയും ചെയ്തതു ഉപദേശത്തിലൂടെയാണ്.

മനുഷ്യർ *എന്തു* ചെയ്തു? [വിട്ട വരിയിൽ "മനുഷ്യരിൽനിന്നും" എന്നതിനടിയിൽ "കൈക്കൂലി, നിർബ്ബന്ധം, കർണ്ണരസം" എന്ന് എഴുതുക.] അത്തരം നിലപാടുകൾ ആളുകളെ ആകർഷിക്കുവാൻ ശ്രമിക്കുന്നതു യേശുവിന്റെയും അപ്പൊസ്തലന്മാരുടെയും ഉപദേശത്തിനു അന്യമാണ്. അവ അവരുടെ ഉപദേശത്തിൽ കാണാത്തതുകൊണ്ടു, അത്തരം പരിശീലനങ്ങൾ മനുഷ്യരിൽ നിന്നാണെന്നു വ്യക്തം, അതുകൊണ്ടു,

അവയെ ത്യജിക്കണം. ചരിത്രം നോക്കിയാൽ, കഴിഞ്ഞകാലത്തു ആളുകൾ പണം കൈക്കൂലിയായി കൊടുത്തും സൈന്യത്തെക്കൊണ്ടു മനുഷ്യരെ നിർബ്ബന്ധിച്ചു യേശുവിനെ അനുഗമിക്കുവാൻ പറഞ്ഞിട്ടുണ്ട്. ആളുകളെ കൂട്ടുവാൻ വിനോദപ്രദമായ കാര്യങ്ങൾ ചെയ്തിരുന്നു. യേശുവിന്റെ അടുക്കൽ വന്നവരും അവനെ തുടർച്ചയായി അനുഗമിച്ചവരും അവന്റെ ഉപദേശം കേട്ടതുകൊണ്ടാണ് (യോഹന്നാൻ 6:48). ഇതാണ് യേശുവിൽ നിന്നു വരുന്നത്.

[*പുറകിൽ*, വൃത്തത്തിനകത്ത്, "പ്രാർത്ഥിക്കുക," "നല്കുക," "കർത്തൃമേശ," "പാട്ടുപാടൽ," "ഉപദേശം" എന്നുമെഴുതി അടിയിൽ "മനുഷ്യരുടെ സമ്പ്രദായങ്ങൾ" എന്നും വൃത്തത്തിനു പുറത്തു, "മറിയയോടു പ്രാർത്ഥിക്കൽ," "ധൂപവർഗ്ഗം," "ഭാഗ്യക്കുറി," "അപ്പം മാത്രം," "പിയാനോ," "ഓർഗൻ," "കൈക്കൂലി," "നിർബ്ബന്ധം" എന്നെഴുതുക. നോക്കുക പേജ് 200.]

ഈ ഭാഗത്തുനിന്നു നാം എന്തു പഠിച്ചു? യേശു വെളിപ്പെടുത്തിയ സത്യം അനുസരിച്ചു പോകുവാൻ ആഗ്രഹിക്കുന്നവർ യേശുവിന്റെ ഉപദേശം മാത്രം അനുകരിക്കും. അവർ മനുഷ്യരിൽ നിന്നും ആരംഭിച്ച വസ്തുക്കൾ ഒന്നും ആരാധനയിൽ ഉപയോഗിക്കുകയില്ല. അവർ നല്കുകയും, പ്രാർത്ഥിക്കുകയും, കർത്തൃമേശ എടുക്കുകയും, പാട്ടുപാടുകയും, ഉപദേശിക്കയും ചെയ്യും. യേശുവിൽ നിന്നും ഉത്ഭവിക്കാത്തതു അവർ ആരാധനയിൽ ഉൾപ്പെടുത്തു*കയില്ല.*

## IV. കൂട്ടുന്നതും എടുത്തു കളയുന്നതും

യേശു ഉപയോഗിക്കുവാൻ പറഞ്ഞിരിക്കുന്നതു ഉപയോഗിച്ചു ആരാധിക്കുവാനാണോ നിങ്ങൾ ആഗ്രഹിക്കുന്നത്? ക്രിസ്തീയാരാധനയിൽ മനുഷ്യർ ഉപയോഗിക്കുവാൻ പറഞ്ഞതു ഉപയോഗിച്ചാണോ നിങ്ങൾ ആരാധിക്കുന്നത്?

1. നാം ചെയ്യ*രുതാത്തത്* എന്ത്? [വെളി. 22:18, 19 വായിക്കുക.] *എന്തു ചെയ്യുന്നവരിലാണ്* ശാപം വരുമെന്നു യേശു പറഞ്ഞത്? [വിട്ടവരിയിൽ "കൂട്ടുകയും" "എടുത്തുകളകയും ചെയ്യുന്നവരിൽ" എന്നെഴുതുക.] വെളിപ്പാടു പുസ്തകത്തെക്കുറിച്ചാണ് ഈ പ്രസ്താവന നടത്തിയത്. അതു നാം സമ്മതിക്കണം. ചോദ്യം എന്തെന്നാൽ ബൈബിളിലെ മറ്റു പുസ്തകങ്ങളേക്കാൾ ശ്രേഷ്ഠമായിട്ടാണോ വെളിപ്പാടു പുസ്തകത്തെ ദൈവം കരുതുന്നത്? ദൈവം വെളിപ്പാടു പുസ്തകത്തിനു മാറ്റം വരുത്തുവാൻ ആഗ്രഹിക്കു*ന്നില്ല* എന്നു പറഞ്ഞതുകൊണ്ടു മറ്റേതെങ്കിലും പുസ്തകത്തിൽ മാറ്റം വരുത്തുന്നത് ശരിയാണോ? തീർച്ചയായും ബൈബിളിലെ മറ്റു പുസ്തകങ്ങളും ദൈവം അതുപോലെയാണ് കാണുന്നത്. ബൈബിളിലെ മറ്റു ശേഷിച്ച ഉപദേശങ്ങളുമായി ഒരേ രൂപത്തിൽ സ്ഥിരതയുള്ളതാണ് ഈ ആശയം (ആവർ. 4:2; 12:32; സദൃ. 30:6).

2. ദൈവത്തോടും യേശുവിനോടുമുള്ള അവരുടെ ബന്ധത്തെ വേർപിരിക്കുന്നത് ആർ? [2 യോഹന്നാൻ 9 വായിക്കുക.] നമുക്കു യേശുവിനോടും ദൈവത്തോടും ഉള്ള ബന്ധത്തെ ബാധിക്കുന്നത് *എന്താണ്?* [വിട്ട വരിയിൽ "പാപം," "ക്രിസ്തു," "ദൈവം" എന്നെഴുതുക.]

“ട്രാൻസ്ഗ്രെസ്” എന്നതിനർത്ഥം “പരിധിക്കു പുറത്തു കടക്കുക, അതിരു കടക്കുക” എന്നാണ്. അങ്ങനെ ചെയ്യുന്നവർക്കു ദൈവം ഇല്ല.

പഠനഷീറ്റിന്റെ പുറകിൽ വരച്ചിരിക്കുന്നതു ശ്രദ്ധിക്കുക. യേശു സകല സത്യവും നല്കി കഴിഞ്ഞു. യേശുവിന്റെ ഉപദേശത്തിനു പുറത്തു പോകുന്നവർ, വൃത്തത്തിനു പുറത്തു [വൃത്തത്തിനകത്തു നിന്നു പുറത്തേക്കു ഒരു ആരോ വരയ്ക്കുക. നോക്കുക പേജ് 200.], ഉള്ളവർ, യേശുവിന്റെ ഉപദേശത്തെ വിട്ടു, മനുഷ്യരുടെ ഉപദേശത്തിലേക്കു പോയവരാണ്. ഇങ്ങനെ ചെയ്യുന്നവർക്കു ദൈവമില്ല. യേശുവിന്റെ ഉപദേശത്തിൽ നിലനില്ക്കുന്നവനു പിതാവും പുത്രനും ഉണ്ട്.

ഈ ഭാഗത്തു നാം എന്തു പഠിച്ചു? നാം യേശുവിന്റെ ഉപദേശത്തിൽ നിലനില്ക്കണം എന്നാണ് പഠിച്ചത്. അവൻ പഠിപ്പിച്ചതിനോടു കൂട്ടുകയോ, അവൻ പഠിപ്പിച്ചതിൽ നിന്നും എടുത്തു കളകയോ ചെയ്യരുത്.

ഇനി ഭാഗം III ലേക്കു മടങ്ങി പോയി, “ക്രിസ്തുവിൽ നിന്നും” എന്നും “മനുഷ്യനിൽ നിന്നും” എന്നും പറഞ്ഞിരിക്കുന്നത് പരിഗണിക്കാം. ഒരാൾ യേശുവിന്റെ നാമത്തിൽ പ്രാർത്ഥിച്ചാൽ, തനിക്കുള്ളതു അനുസരിച്ചു നല്കിയാൽ, ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിൽ കർത്തൃമേശ ആചരിച്ചാൽ, അയാൾ പാട്ടുപാടിയാൽ, ഉപദേശിച്ചാൽ, അയാൾ യേശുവിന്റെ ഉപദേശത്തോടു കൂട്ടുകയാണോ? അതോ അയാൾ യേശുവിന്റെ ഉപദേശത്തിൽ നിന്നു എന്തെങ്കിലും എടുത്തു മാറ്റുകയാണോ?

മറിയയോടു പ്രാർത്ഥിച്ചാൽ അതു കൂട്ടു ചേർക്കുന്നതാണോ? അയാൾ അപ്പോൾ എടുത്തു മാറ്റുന്നുണ്ടോ? അയാൾ കൂട്ടു ചേർക്കുകയാണ്, അയാൾ യേശു മുഖാന്തരം പ്രാർത്ഥിക്കുന്നില്ലെങ്കിൽ എടുത്തു മാറ്റുകയാണ്. ഒരാൾ തന്റെ പ്രാർത്ഥനയോടെ ധൂപവർഗ്ഗം ഉപയോഗിച്ചാൽ കൂട്ടു ചേർക്കുന്നു.

ഭാഗ്യക്കുറി എടുക്കുന്നതു, ലേലം ചെയ്യുന്നത്, തിരഞ്ഞെടുക്കുന്ന വസ്തുക്കളുടെ വില്പന എന്നിവയെല്ലാം കൂട്ടു ചേർക്കുന്നതല്ലേ? അവ ചെയ്യുന്നവർ കൂട്ടു ചേർക്കുകയാണ്, അവ ചെയ്യുകയും ദൈവത്തിനു നല്കാതിരിക്കയും ചെയ്യുന്നതു, എടുത്തു കളയുന്നതാണ്.

കർത്തൃമേശയിൽ അപ്പം മാത്രം കൊടുക്കുന്നവർ, എന്തെങ്കിലും എടുത്തു മാറ്റിയിട്ടുണ്ടോ? മുന്തിരിവള്ളിയുടെ അനുഭവത്തിനു പകരം വെള്ളം ഉപയോഗിക്കുകയും ചെയ്താൽ, അവർ നീക്കം ചെയ്യുകയും, കൂട്ടു ചേർക്കുകയും ചെയ്യുന്നു. ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിൽ കർത്തൃമേശയിൽ നിന്നു അപ്പം ഭക്ഷിക്കാതിരുന്നാൽ, എഴുതിയിരിക്കുന്നതിൽ നിന്നു എടുത്തു മാറ്റുകയാണ്. ഒരാൾ മുന്തിരിവള്ളിയുടെ അനുഭവത്തിനു പകരം ആപ്പിൾ ജൂസും, ഗോതമ്പപ്പത്തിനു പകരം റൊട്ടിയും ജാമും ബട്ടറും ഉപയോഗിച്ചാൽ അതു വചനത്തോടു കൂട്ടു ചേർക്കുന്നതും വചനത്തിൽ നിന്നു എടുത്തുകളയുന്നതുമാണ്. അവ നാം ഉപേക്ഷിക്കണം.

ഒരാൾ ആരാധനയിൽ ഉപകരണ സംഗീതം ഉപയോഗിച്ചാൽ, അയാൾ കർത്താവിന്റെ ആരാധനയോടു കൂട്ടു ചേർക്കുകയാണ്. പാട്ടു പാടുന്നതിനു പകരം ഒരാൾ ഉപകരണങ്ങൾ ആരാധനയിൽ ഉപയോഗിച്ചാൽ അയാൾ കൂട്ടു ചേർക്കുകയും എടുത്തുകളകയും ചെയ്യുന്നു.

ഉപദേശത്തിനു പകരമായി ഒരാൾ കൈക്കൂലിയോ, നിർബ്ബന്ധമോ അല്ലെങ്കിൽ വിനോദമോ ഉപയോഗിക്കുകയാണെങ്കിൽ അയാൾ കൂട്ടു ചേർക്കുകയും എടുത്തു മാറ്റുകയും ചെയ്യുന്നു. ഒരാൾ ഇവ ചെയ്യുകയും ഉപദേശിക്കുകയും ചെയ്യുകയാണെങ്കിൽ, അയാൾ കൂട്ടു ചേർത്തിരിക്കുന്നു.

സഭയുടെ തല ക്രിസ്തുവാണ്. എല്ലാ ആരാധനയും പുതിയ നിയമത്തിൽ കർത്താവു പഠിപ്പിച്ചിട്ടുള്ള അവന്റെ വചനമനുസരിച്ചായിരിക്കണം.

**ചുരുക്കം**

ദൈവത്തെ ആരാധിക്കുന്നതിനു എന്തെല്ലാം ഉപയോഗിക്കാമെന്നതിനു പരിഗണിക്കേണ്ട തത്വങ്ങൾ നമുക്കു വഴികാട്ടി ആകുന്നതിനെ കുറിച്ചാണ് ഈ പാഠത്തിൽ നാം കണ്ടത്. ആരാധനയിൽ നാം ഉപയോഗിക്കുന്നതു ദൈവം സ്വീകരിക്കേണ്ടതാണെന്നു നാം ഉറപ്പു വരുത്തണം.

I. *ദൈവം ആഗ്രഹിക്കുന്നതാണോ നിങ്ങൾ ആരാധനയിൽ ഉപയോഗിക്കുന്നത്?* സകല സത്യവും യേശു മുഖാന്തരം പുതിയ നിയമത്തിൽ അപ്പൊസ്തലന്മാരും പ്രവാചകന്മാരും വെളിപ്പെടുത്തുകയും ചെയ്തു. നാം അനുസരിക്കേണ്ടതു എല്ലാം യേശു കല്പിച്ചതാണ്.

II. *ദൈവം തൃജിക്കുന്നതാണോ നിങ്ങൾ ഉപയോഗിക്കുന്നത്?* മനുഷ്യരുടെ സമ്പ്രദായങ്ങളും കല്പനകളും ദൈവം തള്ളിക്കളഞ്ഞിരിക്കുന്നു. യേശു പഠിപ്പിച്ചതു മാത്രമെ ദൈവം സ്വീകരിക്കയുള്ളൂ. നാം മനുഷ്യരുടെ ഉപദേശം അനുസരിച്ചാണ് ദൈവത്തെ ആരാധിക്കുന്നതെങ്കിൽ, നമ്മുടെ ആരാധന നിഷ്ഫലമാണ്.

III. *നിങ്ങൾ ആരാധനയിൽ ഉപയോഗിക്കുന്നതു ക്രിസ്തുവിൽ നിന്നു വന്നതാണോ അതോ മനുഷ്യരിൽ നിന്നു വന്നതാണോ?* ഓരോ ആഴ്ച്ചയിലും നാം പ്രാർത്ഥിക്കയും, പാട്ടു പാടുകയും, നല്കുകയും, കർത്തൃമേശ എടുക്കുകയും, ഉപദേശിക്കയും ചെയ്യണമെന്നു അവൻ ആഗ്രഹിക്കുന്നു. മനുഷ്യർ ഇവയോടു ബന്ധപ്പെടുത്തി വിവിധ പരിശീലനങ്ങൾ നടത്തുകയും യേശു പഠിപ്പിച്ചതിനോടു മാറ്റം വരുത്തുകയും ചെയ്തിരിക്കുന്നു.

IV. *നിങ്ങൾ കൂട്ടുകയോ അല്ലെങ്കിൽ എടുത്തു കളയുകയോ ചെയ്തിട്ടുണ്ടോ?* നാം കൂട്ടുകയോ കുറക്കുകയോ ചെയ്യരുതെന്നാണ് ബൈബിൾ പഠിപ്പിക്കുന്നത്. എന്നാൽ മനുഷ്യർ യേശു കല്പിച്ചതിനോടു കൂട്ടു ചേർക്കുകയും ചിലതു എടുത്തുമാറ്റുകയും ചെയ്തിരിക്കുന്നു. നമുക്കു പിതാവും പുത്രനും വേണ്ടതിനു നാം മനുഷ്യർ ഉണ്ടാക്കിയതായ കൂട്ടു ചേർക്കലും എടുത്തു മാറ്റലും പിൻപ*റ്റരുത്.*

യേശു മാത്രമാണ് നമ്മുടെ നിയമദാതാവ് (യാക്കൊബ് 4:12). മനുഷ്യനു നിയമങ്ങൾ ഉണ്ടാക്കുവാനോ പുതിയ പരിശീലനങ്ങൾ നടത്തുവാനോ അവകാശമില്ല. ആ അവകാശം യേശുവിനു മാത്രമുള്ളതാണ്.

[അടുത്ത പഠനത്തിനു സമയം ഏർപ്പെടുത്തുക.]

“നാലു സുവിശേഷങ്ങളിൽ ക്രിസ്തു ചുരുങ്ങിയതു മുപ്പത്തി - അഞ്ചു ആളുകളുമായി മുഖാ - മുഖ - മായി ഇടപെടുന്നു.”

ലെയിട്ടൻ ഫോർഡ്
*ദ ക്രിസ്ത്യൻ പെഴ്സ്വേഡർ*

“നയം നല്ലതാണ് എന്നാൽ സമ്പർക്കത്തിന്റെ അത്ര നല്ലതല്ല.”

ഏർണി ക്ലാസെൻ

“നമ്മുടെ സംസാരത്തിനു യോജിച്ചതായിട്ടുവേണം നാം നടക്കുവാൻ. നമ്മുടെ സംസാരമാണ് നടക്കേണ്ടതു; നമ്മുടെ നടപ്പു സംസാരിക്കണം. കാരണം നമ്മുടെ നടപ്പു സംസാരിക്കും, നമ്മുടെ സംസാരവും നടക്കും.”

അജ്ഞാത ഉപദേഷ്ടാവിന്റെ വാക്കുകൾ

“നമ്മുടെ സഹജീവികളെ വെറുക്കുന്നതല്ല ഏറ്റവും മോശമായ പാപം, എന്നാൽ അവരോടു അലക്ഷ്യമായി പെരുമാറുന്നതാണ്; അതാണ് മനുഷ്യത്വത്തിന്റെ സത്ത.”

ജോർജ് ബെർണാർഡ് ഷാ

© 2009 Truth for Today